OUR WEB SITES: www.kaumudiplus.com (Internet newspaper) www.kalakaumudi.com (Mal. Weekly) www.vellinakshatram.com (Cinema) www.muhurtham.com (Spritual) www.snehitha.com (Women's) www.ayurarogyam.com (Health) katha magazine.com (Literary) www.fireonnet.com (Fortnightly), www.powrusham.com (men's), www.keralakaumudi.com (Mal. Daily) www.kaumudi.com (Eng. Daily)
വാർത്തകൾക്ക് 022-22025106, പരസ്യത്തിന് 022-22025196 . Fax: 22040679,0471-3078979
e-mail:kalakaumudimumbai@gmail.com. kalakaumudidaily@gmail.com

അകക്കണ്ണിന്റെ കാഴ്ച.... വിക്ടോറിയ ബ്ലൈന്റ് സ്കൂൾ വിദ്യാർത്ഥികൾ ഉറിയടി മത്സരത്തിൽ പങ്കെടുത്തപ്പോൾ

അമേരിക്ക ഇറാക്കിൽ നിന്നും പിൻവാങ്ങുന്നു

ഇറാക്കിന്റെ സ്വാതന്ത്ര്യത്തിന് അമേരിക്ക നൽകിയത് കനത്ത വില: ഒബാമ

ന്യൂയോർക്ക്: അമേരിക്കയുടെ ഇറാക്ക് ദൗത്യം പൂർണ്ണമായതായി ബരാക്ക് ഒബാമ പ്രഖ്യാപിച്ചു. ഇറാക്കിന്റെ സ്വാതന്ത്ര്യവും സമാധാന സംരക്ഷണയുമായിരുന്നു അമേരിക്കൻ ഭരണകൂടം ലക്ഷ്യമിട്ടിരുന്നതെന്നും അതിന് കനത്ത വിലയാണ് അമേരിക്കൻ ജനതയ്ക്ക് നൽകേണ്ടിവന്നതെന്നും ഒബാമ പറഞ്ഞു.

ഇനി ഇറാക്കിന്റെ സുരക്ഷയും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കേണ്ടത് ആ രാജ്യത്തെ പൗരന്മാരുടെ ഉത്തരവാദിത്വമാണെന്നും ഒബാമ സൂചിപ്പിച്ചു. ഇന്നലെ ഔദ്യോഗിക വസതിയിൽ നിന്ന് സംപ്രേഷണം ചെയ്ത നയപ്രഖ്യാപനത്തിലാണ് ഒബാമ ഈ വിവരങ്ങൾ വെളിപ്പെടുത്തിയത്. ഏഴുവർഷം നീണ്ടുനിന്ന ഇറാക്ക് യുദ്ധം അമേരിക്കയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. ഈ യുദ്ധം അവസാനിപ്പിക്കുന്നത് ഇറാക്കിന്റെ താത്പര്യം മാത്രം പരിഗണിച്ചല്ലെന്നും അമേരിക്കയുടെ താത്പര്യം കൂടി കണക്കിലെടുത്താണെന്നും ഒബാമ കൂട്ടിച്ചേർത്തു.

ഈ യുദ്ധം അവസാനിപ്പിക്കുന്ന കഴിഞ്ഞ ഫെബ്രുവരിയിൽ ഞാൻ എന്റെ ജനതയ്ക്ക് നൽകിയ വാക്ക് ഇതോടെ പാലിച്ചിരിക്കുകയാണെന്നും ഇറാക്കി സുരക്ഷാസേനയ്ക്കും ഗവൺമെന്റിനും ജനങ്ങൾക്കും നൽകുന്ന പിന്തുണ ഇനിയും തുടരുമെന്നും അദ്ദേഹം പറഞ്ഞു. സേനാപിൻമാറ്റത്തിന്റെ ഭാഗമായി 10,000 യു.എസ് ഭടന്മാരെ അവിടെനിന്നു പിൻവലിച്ചുകഴിഞ്ഞുവെന്നും ഒപ്പം കമാൻഡർ ഇൻ-ചീഫ് എന്ന നിലയിൽ അമേരിക്കൻ സൈന്യം ഇറാക്കിൽ ആനുഷ്ഠിച്ച സേവനങ്ങൾക്ക് നന്ദി പറയുന്നതിനൊപ്പം അവരുടെ ത്യാഗങ്ങൾക്ക് മുമ്പിൽ താൻ പ്രണമിക്കുന്നതായും ഒബാമ പറഞ്ഞു. നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ അനുകൂലമല്ലാതിരുന്നിട്ടും ഏറെ ത്യാഗം സഹിച്ചാണ് നമ്മുടെ യുവതീയുവാക്കൾ അവിടെ പോരാടിയത്.

ഈ യുദ്ധം അവസാനിക്കുമ്പോൾ നമ്മുടെ മുന്നിലുള്ള പ്രധാന ലക്ഷ്യം നമ്മുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും തൊഴിൽരഹിതരായ നമ്മുടെ പൗരന്മാർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയെന്നതുമാണെന്ന് ഒബാമ പറഞ്ഞു. എണ്ണയ്ക്കും മറ്റുമായി വിദേശരാജ്യങ്ങളെ ആശ്രയിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ സമയമായെന്നും പുതിയ ഉൽപ്പന്നങ്ങൾ കണ്ടുപിടിക്കാനും പുതിയ വ്യവസായസംരംഭകർക്ക് വളർന്നുവരാനുമുള്ള അവസരം ഉണ്ടാക്കുകയുമാണ് നമ്മുടെ ലക്ഷ്യമെന്നും അമേരിക്കൻ ജനതയെ അഭിസംബോധന ചെയ്തുകൊണ്ടു നടത്തിയ പ്രസംഗത്തിൽ ഒബാമ പറഞ്ഞു.

റിസ്വാനൂർ റഹ്മാൻ വധംസുപ്രിംകോടതിയിലേക്ക്

കൽക്കട്ട: ബംഗാളിൽ ഏറെ വിവാദമായ കമ്പ്യൂട്ടർ അദ്ധ്യാപകൻ റിസ്വാനൂർ റഹ്മാന്റെ മരണത്തെക്കുറിച്ച് പുനർ അന്വേഷണം നടത്തണമെന്ന സി.ബി.ഐ യോടുള്ള കൽക്കട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിനെതിരെ സുപ്രിംകോടതിയെ സമീപിക്കാൻ സി.ബി.ഐ തീരുമാനിച്ചു. ഒരു പുനർ അന്വേഷണത്തിന്റെ ആവശ്യമില്ലെന്നും ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ തന്നെ റിസ്വാനൂരിന്റെ മരണം പ്രതികളായ അശോക് തോടിയും ബന്ധുക്കളും ചേർന്ന് നടത്തിയ ഭീഷണിയെത്തുടർന്നുള്ള ആത്മഹത്യയാണെന്ന് തെളിഞ്ഞതായാണ് സി.ബി.ഐയുടെ വാദം. അതുകൊണ്ടുതന്നെ മേയ് 18 നുണ്ടായ കൽക്കട്ട കോടതിവിധി തള്ളിക്കളയണമെന്ന് സി.ബി.ഐ പറയുന്നു. മരണമടഞ്ഞ റിസ്വാനൂറിന്റെ ജ്യേഷ്ഠൻ റൂഖ്ബാറൂർ റിസ്വാൻ അന്വേഷണം തൃപ്തികരമല്ലെന്ന് കാണിച്ച് നൽകിയ ഹർജിയിലായിരുന്നു ഹൈക്കോടതിയുടെ ഈ വിധി. ഈ കേസിന്റെ അന്വേഷണത്തിനൊടുവിൽ പ്രതികളുടെ മേൽ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചതിന് സെക്ഷൻ 306 പ്രകാരം കേസെടുത്തിട്ടുണ്ടെന്നും സി.ബി. ഐ വിശദീകരിക്കുന്നു. 2007 സെപ്തംബർ 21 നാണ് കൽക്കട്ടയിലെ ഡംഡം മിനടുത്ത് റെയിൽവേ ട്രാക്കിൽ റിസ്വാനെ മരിച്ച നിലയിൽ കണ്ടെത്തിയത്. പ്രണയ വിവാഹിതനായ റിസ്വാൻ അന്യമതക്കാരിയും കോടീശ്വരപുത്രിയുമായ പ്രിയങ്ക തോഡിയെ വിവാഹം കഴിച്ചിട്ട് ഒരു മാസമേ ആയിട്ടുണ്ടായിരുന്നുള്ളൂ. പ്രിയങ്കയുടെ വീട്ടുകാരുടെ കടുത്ത എതിർപ്പിനെത്തുടർന്ന് ഭീതിയോടെയാണ് ഈ ദമ്പതികൾ കഴിഞ്ഞിരുന്നത്. റിസ്വാന്റെ മരണം ഒരു അഭിമാന കൊലയെന്ന പേരിൽ ബംഗാളിൽ ഏറെ വിവാദമായിരുന്നു. ഈ മരണം തേച്ചുമാച്ചുകളയാൻ അശോക് തോഡി സഹോദരൻ പ്രദീപ്, മറ്റൊരു ബന്ധു അനിൽ സൊരാഗി എന്നിവർ ചില അന്വേഷണ ഉദ്യോഗസ്ഥരോപ്പം ചേർന്ന് ശ്രമിച്ചു എന്ന് അന്ന് ആരോപണം ഉയർന്നിരുന്നു.

മഅ്ദനിയുടെ അറസ്റ്റ്: നേരിട്ട് ഹാജരാകാൻ ബാംഗ്ലൂർ എ.എസ്.പിക്ക് കോടതി ഉത്തരവ്

ബാംഗ്ലൂർ: അബ്ദുൾ നാസർ മഅ്ദനിയെ അന്യായമായി ബാംഗ്ലൂർ സ്ഫോടനക്കേസിൽ ഉൾപ്പെടുത്തുകയായിരുന്നുവെന്ന് ആരോപിച്ച് മഅ്ദനിയുടെ സഹോദരൻ അബ്ദുൾ സലാം നൽകിയ ഹർജിയിൽ ബാംഗ്ലൂർ അസിസ്റ്റന്റ് പൊലീസ് കമ്മിഷണറും കേസന്വേഷണത്തിന്റെ ചുമതല വഹിക്കുകയും ചെയ്യുന്ന ഓംകാരയ്യയോട് നേരിട്ട് ഹാജരാകാൻ കൊല്ലം മജിസ്ട്രേട്ട് കോടതി ഉത്തരവിട്ടു. ഈ സെപ്റ്റംബർ 13 ന് കോടതിയിൽ ഹാജരാകണമെന്നാണ് നിർദ്ദേശം. ഈ കേസുമായി ബന്ധപ്പെട്ട് നേരത്തേ കൊല്ലം എസ്.പിയോടും ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇന്നലെ ഹാജരാകാനായിരുന്നു ഇരുവരോടും കോടതി നിർദ്ദേശിച്ചിരുന്നത്.

ഇന്നലെ എസ്.പിക്കുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ഹാജരായിരുന്നെങ്കിലും ബാംഗ്ലൂർ എ.സി.പിക്ക് വേണ്ടി ആരും ഹാജരായിരുന്നില്ല. അതുകൊണ്ടാണ് നേരിട്ട് ഹാജരാകാൻ വീണ്ടും നിർദ്ദേശമുണ്ടായിരിക്കുന്നത്. കഴിഞ്ഞ 17-ം തീയതി അൻവാർശ്ശേരിയിൽ നിന്ന് അറസ്റ്റ് ചെയ്യപ്പെട്ട മഅ്ദനി ഇപ്പോഴും ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

കളരി പരിശീലന കേന്ദ്രത്തിൽ റെയ്ഡ് ആയുധങ്ങൾ പിടിച്ചെടുത്തു

താനൂർ (മലപ്പുറം): ഒഴൂർ പറപ്പാറപ്പുറത്ത് അനധികൃതമായി പ്രവർത്തിക്കുന്ന കളരിയിൽ താനൂർ പോലീസ് റെയ്ഡ് നടത്തി. ആയുധങ്ങളും കളരി ഉപകരണങ്ങളും പിടിച്ചെടുത്തു. രണ്ട് ഇരുമ്പ് ചൂരിക, രണ്ട് മരച്ചൂരിക, ആറടിയും നാലടിയും നീളമുള്ള ദണ്ഡുകൾ, രണ്ട് ഇരുമ്പ് ദണ്ഡ് എന്നിവയാണ് പോലീസ് പിടിച്ചെടുത്തത്. ഒഴൂർ പറപ്പാറപ്പുറത്ത് എസ്റ്റേറ്റ് പടിയിലെ കിഴക്കുമ്പാട്ട് അബ്ദുറഹിമാന്റെ പറമ്പിലാണ് കളരി പ്രവർത്തിച്ചിരുന്നത്. ഒഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി.സൈനബയുടെ ഭർത്താവാണ് അബ്ദുറഹിമാൻ. ഇവിടെ അനധികൃത കളരിയും ആയുധപരിശീലനവും നടക്കുന്നുണ്ടെന്ന നാട്ടുകാരുടെ പരാതിയിലാണ് പോലീസ് ചൊവ്വാഴ്ച രാത്രി റെയ്ഡ് നടത്തിയത്. അതേസമയം ഇവിടെ എൻഡിഎഫ് ആയുധപരിശീലനമാണ് നടക്കുന്നതെന്ന് ആക്ഷേപമുണ്ട്. കളരി നടത്തുന്നത് കൽപകഞ്ചേരി മുഹമ്മദ് എന്ന ആളാണ്. ഇയാളുടെ പേരിലും അബ്ദുറഹിമാന്റെ പേരിലും താനൂർ പോലീസ് കേസെടുത്തു.

ഘടകകക്ഷികളുടെ സീറ്റുകൾ സി.പി.എം കയ്യടക്കും

തിരുവനന്തപുരം: പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഘടകകക്ഷികളുടെ സീറ്റുകൾ സി.പി.എം കയ്യടക്കും. മുന്നണി വിട്ടുപോയ ഘടകക്ഷികളുടെ സീറ്റുകളിലും സി.പി.എം പിടിമുറുക്കും. സി.പി. ഐ അടക്കമുള്ള ഘടകക്ഷികൾ സി.പി.എമ്മിന്റെ വല്യേട്ടൻ നീക്കത്തിനെതിരെ ഒറ്റയ്ക്കും കൂട്ടായും നീങ്ങാൻ തയാറെടുക്കുകയാണ്.

ഘടകക്ഷികളുമായുള്ള സീറ്റ് വിഭജന ചർച്ചകളിൽ തങ്ങളുടെ ഗൂഢോദ്ദേശ്യം തന്ത്രപരമായി അവതരിപ്പിക്കാൻ സി.പി.എം തയാറെടുപ്പുകൾ നടത്തിയിട്ടുണ്ട്.

സി.പി. ഐ ഒഴികെയുള്ള ഘടകകക്ഷികൾക്കായിരിക്കും കൂടുതൽ നഷ്ടമുണ്ടാവുക. ആർ.എസ്.പി ഉൾപ്പെടെയുള്ള ഘടകകക്ഷികളുടെ സീറ്റുകളിൽ സി.പി. എം കൈവയ്ക്കും. തങ്ങൾക്ക് വിജയ സാധ്യതയുള്ള സീറ്റുകളിൽ മത്സരിക്കണമെന്നാണ് സി.പി. എമ്മിന്റെ തീരുമാനം. ഈ സന്ദേശം വ്യക്തമായി തന്നെ ഘടകകക്ഷിളുടെ മുന്നിൽ അവതരിപ്പിക്കും. ആത്യന്തികമായി മുന്നണിയുടെ വിജയമാണ് ലക്ഷ്യമിടേണ്ടതെന്ന വാദമാണ് സി.പി. എം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. തങ്ങളുടെ സംഘടനാ ശക്തിയും ജനസ്വാധീനവും ഇതിനായി പരമാവധി ഉപയോഗിക്കുന്നതാണ് മുന്നണിക്ക് കൂടുതൽ ഗുണകരമാവുക എന്ന ന്യായമാണ് സി.പി. എമ്മിനുള്ളത്.

ഈ നിലപാടിൽ ഉറച്ചു നിന്നുകൊണ്ടു തന്നെ ജില്ലാ തലത്തിൽ നടക്കുന്ന സീറ്റു വിഭജന ചർച്ചകൾ സി.പി. എം നയിക്കും. കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിനു ശേഷം ഇടതു ഇടതു മുന്നണി വിട്ടുപോയ ജനതാദൾ (വീരൻ വിഭാഗം), ഐ.എൻ.എൽ, കഴിഞ്ഞ തവണ സീറ്റു ധാരണയുണ്ടായിരുന്ന ഡി. ഐ. സി എന്നിവരുടെ സീറ്റുകളിൽ വലിയൊരു ശതമാനത്തിലും സി.പി. എം മത്സരിക്കും. മലബാർ മേഖലയിലാണ് ഇവർക്ക് കൂടുതൽ സീറ്റുകളുള്ളത്.

ഈ മുൻ ഘടകകക്ഷികളുടെ സീറ്റുകളിൽ ചിലത് പേരിന് സി.പി. ഐക്ക് നൽകുന്നതിനോട് സി.പി. എമ്മിന് വിരോധമില്ല. എന്നാൽ മറ്റു ഘടകകക്ഷികളോട് സി.പി. എമ്മിന് മൃദു സമീപനം ഉണ്ടാവില്ല.

തിരഞ്ഞെടുപ്പു വേളകളിൽ സീറ്റ് പിടിച്ചെടുക്കാനുള്ള സി.പി. എമ്മിന്റെ പതിവു തന്ത്രത്തെക്കുറിച്ച് ഘടകകക്ഷികൾക്ക് വ്യക്തമായ ധാരണയുണ്ട്. ഇക്കുറിയും അത് പയറ്റുമെന്നും അവർ നേരത്തേ തന്നെ കണക്കു കൂട്ടുന്നു. എന്നാൽ ഇത് എങ്ങിനെ നേരിടണമെന്നറിയാതെ കുഴങ്ങുകയാണ് ആർ. എസ്.പിയെപ്പോലുള്ള ഘടകക്ഷികൾ. സി.പി. ഐക്കു മാത്രമാണ് ഒരു പരിധിവരെ വിലപേശൽ ശക്തിയുള്ളത്.സി.പി. എം കടുത്ത വല്യേട്ടൻ നയം പുറത്തെടുത്താൽ ഒത്തുചേർന്നുള്ള എതിർപ്പുയർത്താൻ ഘടകകക്ഷികൾ നിർബന്ധിതരാകും.

രാമു കാര്യാട്ടിന്റെ ഭാര്യ സതി കാര്യാട്ട് അന്തരിച്ചു

ചെന്നൈ: അന്തരിച്ച പ്രശസ്ത ചലച്ചിത്ര സംവിധായകൻ രാമു കാര്യാട്ടിന്റെ ഭാര്യ സതി കാര്യാട്ട് (76) അന്തരിച്ചു. ഷേണായ് നഗറിലെ വസതിയിൽ വച്ചായിരുന്നു അന്ത്യം. വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് ചികിത്സയിലായിരുന്നു സതി കാര്യാട്ട്.

അന്താരാഷ്ട്ര തലത്തിൽ അറിയപ്പെട്ട ചെമ്മീൻ സിനിമയുടെ സംവിധായകനായിരുന്ന രാമു കാര്യാട്ട് 1979ലാണ് അന്തരിച്ചത്.

കോൺഗ്രസ് എം.പി മാർക്ക് അഭിപ്രായ ഐക്യമില്ല: ബി.ജെ.പി

ന്യൂഡൽഹി: ഭരണപക്ഷമായ യുണൈറ്റഡ് പ്രോഗ്രസിവ് അലയൻസിന് (യു.പി.എ) സർക്കാരിലുള്ള നിയന്ത്രണവും സ്വാധീനവും നഷ്ടപ്പെട്ടതായി ബി.ജെ.പി ആരോപിച്ചു. കോൺഗ്രസിനകത്തും അഭിപ്രായ ഭിന്നത രൂക്ഷമാണ്.

പാർലമെന്റിലെ വർഷകാല സമ്മേളനത്തിൽ പല ബില്ലുകളുടെയും നയങ്ങളുടെയും വിഷയത്തിൽ ഇത് വ്യക്തമായിരുന്നുവെന്ന് ബി.ജെ.പി നേതാവും ലോക്സഭ പ്രതിപക്ഷ നേതാവുമായ സുഷമാ സ്വരാജും രാജ്യസഭയിലെ പ്രതിപക്ഷ നേതാവും ബി.ജെ.പി നേതാവുമായ അരുൺ ജയ്റ്റ്ലിയും അഭിപ്രായപ്പെട്ടു. വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ വ്യത്യസ്ഥ വകുപ്പുകൾ തമ്മിൽ യാതൊരു സഹകരണവും ഇല്ല. മന്ത്രിമാരും കോൺഗ്രസ് എം.പിമാരും തമ്മിലുള്ള അകലം അനുദിനം വർദ്ധിച്ചു വരുന്നു. ജമ്മുകാശ്മീർ വിഷയത്തിൽ കേന്ദ്ര സർക്കാർ ഒന്നും ചെയ്യുന്നില്ലെന്നും ജയ്റ്റ്ലി കുറ്റപ്പെടുത്തി.

വർഷകാല സമ്മേളനത്തിൽ പാർലമെന്റിന്റെ ഇരു സഭകളിലും പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം ബി.ജെ.പി കൃത്യമായി നിർവഹിച്ചതായി സുഷമ അഭിപ്രായപ്പെട്ടു.

കാടതിയിൽ നിന്ന് നീതി ലഭിച്ചില്ല: മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ

തിരുവനന്തപുരം: സ്വാശ്രയ വിഷയത്തിൽ കോടതിയിൽ നിന്നും നീതി ലഭിച്ചില്ല എന്ന് മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ അഭിപ്രായപ്പെട്ടു. കോടതി മാനേജ്മെന്റുകളുടെ സാഹചര്യം മനസിലാക്കിയില്ല എന്നും അസോസിയേഷൻ കുറ്റപ്പെടുത്തി.

ഇന്റർ ചർച്ച് കൗൺസിലിന്റെ നിലപാട് പ്രായോഗികമാണ് പക്ഷെ അത് സാമൂഹ്യ നീതിക്കു വിരുദ്ധമാണ്. എന്നാൽ തങ്ങളെ കച്ചവടക്കാർ എന്ന് മുദ്രകുത്തിയ സ്ഥിതിയ്ക്ക് ഇന്റർ ചർച്ച് കൗൺസിലിന്റെ വഴിക്കു നീങ്ങുമെന്നും അസോസിയേഷൻ വ്യക്തമാക്കി.



Published by Prasad Lakshmanan for Kala Kaumudi Publications (P) Ltd., (Reg. No. of RNI 49829/90 Regd. No. MH/MR/SOUTH-170/2009-11) Vol. No.21 Issue No.31 from 19/1, Jolly Maker Chambers II, Nariman Point, Mumbai-21 and Printed by him at Dangat Media Private Limitted, Marwah Estate, Sakivihar Road, Mumbai-400072. .
Editor: Prasad Lakshmanan.